PAN/3971/2019-A3(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 01.04.2019

## സർക്കുലർ

വിഷയം : പഞ്ചായത്ത് വകുപ്പ് - സർക്കാർ ജീവനക്കാർക്കുള്ള പലിശ സബ്സിഡിയോടുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതി - 2018-19 സാമ്പത്തിക വർഷം ഭവന നിർമ്മാണ വായ്പ അപേക്ഷിക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന : 1. സർക്കാർ ഉത്തരവ് നം. ജി.ഒ (പി) നം. 105/2018/ഫിൻ. തീയതി.05.07.2018
2. സർക്കാർ ഉത്തരവ് നം. ജി.ഒ (പി) നം. 143/2018/ഫിൻ. തീയതി. 11.09.2018
3. പരിപത്രം നം. 06/2019/ധന തീയതി. 18.01.2019

സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 2018/19 സാമ്പത്തിക വർഷം മുതൽ പലിശ സബ് സിഡിയോടെയുള്ള ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നത് സംബന്ധിച്ച് സൂചന 1,2 ഉത്തരവുകളും , ആയത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സൂചന 3 പരിപത്രവും പുറപ്പെടുവിച്ചിട്ടുള്ളതാണ് . സൂചന 3 പ്രകാരം ഭവന നിർമ്മാണ വായ്പയ്ക്ക് യോഗ്യരായ സർക്കാർ ജീവനക്കാർ അനുബന്ധം 2 പ്രകാരം ബന്ധപ്പെട്ട ഡിഡിഒ യ്ക്ക് അപേക്ഷ സമർപ്പിക്കേണ്ട താണെന്നും, ഡിഡിഒ മാർ അനുബന്ധം 3 പ്രകാരം എൻ.ഒ.സി അനുവദിക്കണമെന്നും, ബാങ്കുകൾ ലഭ്യമാക്കുന്ന വായ്പ അനുമതി പത്രം ജീവനക്കാർ ബന്ധപ്പെട്ട ഡിഡിഒ ക്ക് സമർപ്പിക്കുകയും ഡിഡിഒ മാർ ആയത് പലിശ സബ് സിഡി ലഭിക്കുന്നതിന് ധനകാര്യ വകുപ്പിന് ശുപാർശ ചെയ്യേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജീവനക്കാർ വായ്പ എടുത്തതിന് ശേഷം ശമ്പള അക്കൗണ്ടോ വായ്പയോ മറ്റ് ബാങ്കുകളിലേക്ക് മാറ്റുന്നില്ല എന്ന് ഡിഡിഒ മാർ ഉറപ്പ് വരുത്തണമെന്നും ടി പരിപത്രത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ ശമ്പളവിതരണം തനതുഫണ്ടിൽ നിന്നും സ്ഥാപന സോഫ്റ്റ് വെയർ മുഖേന നടത്തുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് ട്രഷറിയിൽ ഡി.ഡി.ഒ കോഡ് നിലവിലില്ല. ഗ്രാമപഞ്ചായത്തുകളിൽ സ്പാർക്ക്

മുഖേനയല്ലാതെ ശമ്പള വിതരണം നടത്തുന്നതിനാൽ ജീവനക്കാരുടെ ഭവനനിർമ്മാണ വായ്പ, കെ.പി.ഇ.പി.എഫ്/ജി.പി.എഫ് എന്നിവ മാറി നൽകുന്നത് ജില്ലാ ഓഫീസറായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആണ് . മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തു ജീവനക്കാരുടെ ഭവന വായ്പയ്ക്കായുള്ള എൻ.ഒ.സി നൽകുന്നതിന് അതാതു പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

എൻ.ഒ.സി യ്ക്കായുള്ള ജീവനക്കാരുടെ അപേക്ഷകൾ അനുബന്ധം (2) പ്രകാരമുള്ള സൂചനാ മാർഗ്ഗനിർദ്ദേശ പ്രകാരമാണോയെന്ന് അതാതു ഗ്രാമപഞ്ചായത്തു സെക്രട്ടറിമാർ പരിശോധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ശുപാർശ ചെയ്തയച്ചു കൊടുക്കേണ്ടതും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ N.O.C അനുവദിച്ചു നൽകേണ്ടതുമാണ്. ഭവന വായ്പ അനുവദിക്കപ്പെട്ട സ്ഥാപനത്തിൽ നിന്നും വായ്പ അനുമതിപത്രം ലഭ്യമാക്കി ജീവനക്കാർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ് . ബാങ്കിൽ നിന്ന് നൽകുന്ന വായ്പ അനുമതി പത്രത്തിൽ അനുവദിച്ച വായ്പാതുക, പലിശനിരക്ക്, EMI തുടങ്ങുന്ന തീയതി, അവസാനിക്കുന്ന തീയതി, വായ്പ കാലാവധി, EMI തുകയും തവണയും എന്നിവ വ്യക്തമാക്കേണ്ടതാണ് .

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഈ രേഖകൾ സഹിതം പലിശ സബ് സിഡിയ്ക്ക് ധനകാര്യ വകുപ്പിലേക്ക് ശുപാർശ സമർപ്പിക്കേണ്ടതും , പകർപ്പ് പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു നൽകേണ്ടതുമാണ്. ധനകാര്യവകുപ്പ് ഈ ശുപാർശകൾ പരിശോധിച്ച് അർഹരായ ജീവനക്കാർക്ക് പലിശ സബ്സിഡി നൽകുന്നതാണ്. ഭവനവായ്പ, തിരിച്ചടവ് സംബന്ധിച്ച് ബാങ്കുകൾ അതാത് ജില്ലാ ആഫീസർമാർക്ക് വാർഷിക റിപ്പോർട്ട് നൽകേണ്ടതും ആയത് ധനകാര്യ വകുപ്പിന് ലഭ്യമാക്കേണ്ടതുമാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു നൽകേണ്ടതാണ്. അങ്ങനെ ലഭ്യമാക്കാത്ത ജീവനക്കാർക്ക് പലിശ സബ്സിഡി തുടർന്ന് ലഭിക്കുന്നതല്ല. പലിശ സബ്സിഡിക്കുള്ള അപേക്ഷ വർഷം തോറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഓൺലൈൻ മുഖേന ധനവകുപ്പിന് ലഭ്യമാക്കേണ്ടതാണ് .

സർക്കാരിന്റെ ഭവന നിർമ്മാണ വായ്പക്ക് അപേക്ഷിച്ചതിനു ശേഷം വായ്പ റദ്ദ് ചെയ്യുകയോ സറണ്ടർ ചെയ്യുകയോ ചെയ്ത ജീവനക്കാർ സർക്കാരിന്റെ വായ്പാ പദ്ധതിക്ക് അർഹരാണെങ്കിൽ ടി പദ്ധതി പ്രകാരം വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ടി വായ്പാപദ്ധതി നടപ്പ് സാമ്പത്തിക വർഷം മുതൽ പ്രാബല്യത്തിൽ വരുന്നതാണ് .

ടി വായ്പാ പദ്ധതിയിൽ ജീവനക്കാരുടെ സേവന കാലാവധിക്ക് ശേഷവും വായ്പാ നിലനിൽക്കുന്ന സാഹചര്യത്തിൽ പലിശ സബ്സിഡി സേവനകാലം വരെയോ സർക്കാർ ഭവന വായ്പയുടെ പരമാവധി കാലാവധിയായ 18 വർഷം വരെയോ മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതാണ്. സംയുക്ത ഭവന വായ്പ അപേക്ഷകരിൽ ഒരാൾ വായ്പാ കാലാവധിക്ക് മുൻപേ സർവ്വീസിൽ നിന്ന് വിടുതൽ ചെയ്യുന്ന സാഹചര്യത്തിൽ അപേക്ഷകന്/അപേക്ഷകയ്ക്ക് അയാളുടെ വായ്പ ബാധ്യതക്ക് ആനുപാതികമായ സബ്സിഡി നൽകുന്നതാണ്.

ടി പദ്ധതി പ്രകാരം വായ്പയെടുക്കുന്നതിന് ജീവനക്കാർക്ക് ബാങ്കിൽ ശമ്പള അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും വായ്പയെടുത്തതിനുശേഷം ശമ്പള അക്കൗണ്ടോ വായ്പയോ മറ്റ് ബാങ്കിലേയ്ക്ക് മാറ്റുവാനോ പാടുള്ളതല്ല. ലോൺ വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ബാങ്ക് അക്കൗണ്ട് മാറുന്നില്ല എന്ന് സേവന പുസ്തകം കൈകാര്യം ചെയ്യുന്ന ആഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതുമാണ്.

അനർഹർ ടി പദ്ധതി പ്രകാരം സബ്സിഡി തുക കൈപ്പറ്റുന്ന സാഹചര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ലെ ആർട്ടിക്കിൾ 303 എ (3) (സി) കുറിപ്പ് പ്രകാരം 18% പലിശയോടെ സബ്സിഡി തുക മുഴുവനായും തിരിച്ചുപിടിക്കുന്നതാണ്

**പഞ്ചായത്ത് ഡയറക്ടർ**

ജെ.എൽ 25/3